അതുപോലെ തന്നെ സർക്കാരിന്റെ മറ്റു ഡിപ്പാർട്ടുമെന്റിലെ കെട്ടിടങ്ങളിൽ ഓക്കുപൈ ചെയ്തിട്ടുള്ള ആശുപത്രികളിൽ മെയിന്റനൻസ് നടത്താൻ ഫണ്ട് ട്രാൻസ്ഫർ ചെയ്യണം. അല്ലാതെ മെയിന്റനൻസിനു സാദ്ധ്യമല്ല. ആ കാര്യവും പരിശോധിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 1974 മുതൽ കെട്ടിടവും സ്ഥലവും കൊടുക്കുന്നത് നാട്ടുകാരോ പഞ്ചായത്തോ ആണ്. ഗവൺമെന്റല്ല. എന്നാൽ സ്പെഷ്യൽ കോമ്പോണന്റിലും ട്രൈബൽ സബ് പ്ലാനിലും വരുന്നത് അങ്ങനെയല്ല. അതുകൊണ്ട് പണം കെട്ടേണ്ടി വരുന്നു. ഇപ്പോൾ പഞ്ചായത്തിനാണ് ആ അധികാരം. എ.എസും ടി.എസും കൊടുക്കേണ്ടത് അവരാണ്. പണം നീക്കിവയ്ക്കേണ്ടതും അവരാണ്. അവയുടെ ലഭ്യതയനുസരിച്ച് ഈ കാര്യങ്ങൾ പരിഗണിക്കാൻ കഴിയേണ്ടതാണ്. മെയിന്റനൻസിന്റെ കാര്യത്തിലും ചില നടപടിക്രമങ്ങൾ ഉണ്ടാകണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങളാണ്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 3 സ്ഥാപനങ്ങൾ ഉണ്ട്. താലൂക്ക് ആശുപത്രിയുണ്ട്, അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ട്, വക്കം പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ട്. ഈ മൂന്ന് ആശുപത്രികളുടെയും ഭരണത്തിനു വേണ്ടി അവർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുത്തിട്ടുള്ളത് രണ്ടര ലക്ഷത്തോളം രൂപയാണ്. അതിന്റെ മെയിന്റനൻസ് നടത്താനും കറന്റ് ചാർജ്, വാട്ടർ ചാർജ് ഇവയെല്ലാം അടയ്ക്കാനും അവർക്ക് വരുമാനമില്ല. സാധാരണഗതിയിൽ ഒരു ബ്ലോക്ക് പഞ്ചായത്തിന് ഒരു സ്ഥാപനമേ ഉണ്ടാകുകയുള്ളൂ. പക്ഷേ ചിറയിൻകീഴ് ബ്ലോക്കിനെ സംബന്ധിച്ച് മൂന്ന് സ്ഥാപനങ്ങൾ ഉണ്ട്. ഇതിനനുസരണമായി ആശുപത്രിയുടെ മെയിന്റനൻസിനും മറ്റ് സർവീസ് ചാർജിനും അഡ്മിനിസ്ട്രേഷനും ആവശ്യമായ ഡെയിലി വേജസിന് ആളുകളെ വയ്ക്കുന്നതിനും പണം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പഞ്ചായത്തുകൾക്ക് ഈ പണം വിതരണം ചെയ്തിരിക്കുന്നത് ബെഡ്ഡുകളുടെ എണ്ണം, ജനസംഖ്യ, സ്റ്റാഫിന്റെ എണ്ണം, സ്ഥാപനങ്ങളുടെ എണ്ണം ഇവയൊക്കെയനുസരിച്ചാണ്. എന്നാൽ ചില ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്ഥാപനങ്ങൾ കൂടുതലുണ്ട്. അതിന് ഒത്തരീതിയിൽ പണം കിട്ടിയില്ലയെന്ന് പരാതിയുണ്ട്. ഒരു സ്ഥാപനം പോലുമില്ലാത്ത കൊടുവള്ളി ബ്ലോക്ക് പോലുള്ള അപൂർവം ബ്ലോക്കുകൾ കേരളത്തിൽ ഉണ്ട്. ചില ബ്ലോക്കുകളിൽ രണ്ടും മൂന്നും സ്ഥാപനങ്ങൾ വരുന്നു. ചില ബ്ലോക്കുകളിൽ ഒന്നും ഇല്ലാതെ വന്നിരിക്കുന്നു. കഴിഞ്ഞ കുറെ കാലങ്ങളായി നടക്കുന്ന വ്യത്യസ്തമായ ഒരു സ്ഥിതിയുണ്ട്. അത് പരിഹരിക്കാൻ ഇപ്പോൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് കൊടുക്കണമെന്നും ഇല്ലാത്ത പഞ്ചായത്തുകളിൽ സ്ഥാപനങ്ങൾ ഉണ്ടാക്കണമെന്നും ഉള്ള പഞ്ചായത്തുകൾക്കു മാത്രം കിട്ടിയാൽ പോരാ എന്നുമുള്ള ഒരു സമീപനം വച്ചാണ് ഗവൺമെന്റ് ചെയ്യുന്നത്. ഈ കാര്യത്തിൽ ആവശ്യമായ തുകയ്ക്ക് അർഹതയുണ്ടായിട്ടും ലഭിക്കാതെ പോകുന്നുവെന്നു പറഞ്ഞത് തീർച്ചയായും പരിശോധിക്കാം. നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

3 (*283) ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എസ്. ജോൺ :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ചികിത്സാരീതിക്ക് പ്രോത്സാഹനം നൽകുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിവരിക്കുമോ;

(ബി) ആയുർവേദ മരുന്നുകളെപ്പറ്റി ഗവേഷണം നടത്തുന്നതിനും പുതിയ മരുന്നുകൾ കണ്ടുപിടിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി സംസ്ഥാനത്ത് ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) ആയുർവേദ ചികിത്സാരീതിക്ക് പ്രോത്സാഹനം നൽകിവരുന്നതിന്റെ ഭാഗമായി ആയുർവേദ പഠനസൗകര്യങ്ങളും നിലവാരങ്ങളും മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരത്തും തൃപ്പൂണിത്തുറയിലുമായി രണ്ട് സർക്കാർ ആയുർവേദ കോളേജുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ കണ്ണൂരിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി മൂന്നാമതൊരു കോളേജുകൂടി പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ ഡയറക്ട് പേമെന്റ് സിസ്റ്റം അനുസരിച്ച് കോട്ടയ്ക്കലും ഒല്ലൂരും സ്വകാര്യ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ കോളേജുകളോടനുബന്ധിച്ച് ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാണ്. തിരുവനന്തപുരത്തെ പഞ്ചകർമ്മ ആശുപത്രി അഖിലേന്ത്യാ പ്രശസ്തിയാർജിച്ചിട്ടുണ്ട്. ആയുർവേദ വിദ്യാഭ്യാസം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി ഡി.സി.ഐ.എം-ന്റെ നിർദ്ദേശാനുസരണമുള്ള സ്റ്റാഫ് പാറ്റേണും സംസ്ഥാനത്തെ ആയുർവേദ കോളേജുകളിൽ നടപ്പാക്കിക്കഴിഞ്ഞു. 1998 മുതൽ സർക്കാർ ആയുർവേദ കോളേജുകളിൽ ഡിപ്പാർട്ടുമെന്റ് സിസ്റ്റം നടപ്പാക്കി. കൂടുതൽ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ട്. ഇൻഡ്യയിലാദ്യമായി മാനസിക രോഗവിഭാഗത്തിൽ ബിരുദാനന്തര കോഴ്സ് ആരംഭിക്കുന്നതിന് ഡി.സി.ഐ.എം-ന്റേയും യൂണിവേഴ്സിറ്റിയുടെയും അംഗീകാരം കിട്ടിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു സർക്കാർ ആയുർവേദ ചികിത്സാ സ്ഥാപനമെങ്കിലും ഉണ്ടാകണം എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. പദ്ധതി വിഹിതത്തിൽ ഇതിനായി നീക്കിവച്ചിട്ടുള്ള തുകയ്ക്കനുസരണമായി ഘട്ടംഘട്ടമായി വിവിധ പഞ്ചായത്തുകളിൽ ആയുർവേദ സ്ഥാപനങ്ങളും അനുവദിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങൾക്കകം 46 പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ കഴിഞ്ഞു. 9 സിദ്ധ ഡിസ്പെൻസറികളും രണ്ട് പ്രകൃതി ചികിത്സാ കേന്ദ്രങ്ങളും ഒരു യുനാനി ഡിസ്പെൻസറിയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷം 100 പുതിയ ആയുർവേദ ഡിസ്പെൻസറികൾകൂടി ആരംഭിക്കുന്നുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 631 ഡിസ്പെൻസറികളും 111 ആശുപത്രികളുമടക്കം 742 ആയുർവേദ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. പ്രകൃതി ചികിത്സാ കേന്ദ്രവും പഞ്ചകർമ്മ ആശുപത്രിയും മാനസികാശുപത്രിയും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നേത്ര, വിഷ, മർമ്മ തുടങ്ങിയ സ്പെഷ്യലിസ്റ്റുകളുടെ സേവനവും ലഭ്യമാണ്. 100 കിടക്കകളുള്ള രണ്ട് ആശുപത്രികളാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇക്കഴിഞ്ഞ വർഷം തൊടുപുഴ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. തിരുവനന്തപുരം ആയുർവേദ കോളേജിലും, കോട്ടയ്ക്കലും ഔഷധ തോട്ടങ്ങൾ നിലവിലുണ്ട്. നാട്ടു ചികിത്സാ വകുപ്പിന്റെ കീഴിലും 5 ഏക്കർ ഔഷധതോട്ടമുണ്ട്. പൊതുമേഖലാ സ്ഥാപനമായ 'ഔഷധി' പരിയാരത്ത് വിപുലമായ ഔഷധ തോട്ടം ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഗുണനിലവാരമുള്ള മരുന്നുകൾ 'ഔഷധി' തയ്യാറാക്കി സർക്കാർ ആയുർവേദ ഡിസ്പെൻസറികളിലും ആശുപത്രികളിലും ലഭ്യമാക്കുന്നു.

(ബി)&(സി) തിരുവനന്തപുരം ആയുർവേദ കോളേജിന്റെ കീഴിലുള്ള ഡ്രഗ്സ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റിലും ഫാർമക്കോഗ്നസി യൂണിറ്റിലും ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഡ്രഗ്സ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റിലും ഫാർമക്കോഗ്നസി യൂണിറ്റിലും നടക്കുന്ന ഗവേഷണ പ്രവർത്തനത്തിന്റെ വിശദവിവരം യഥാക്രമം അനുബന്ധം 'എ'യിലും 'ബി' യിലും ചേർത്തിരിക്കുന്നു.† ആയുർവേദ മരുന്നുകളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനും പുതിയ മരുന്നുകൾ കണ്ടുപിടിക്കുന്നതിനും ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതിനും ഔഷധിയുടെ കീഴിൽ ഒരു പുതിയ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ആയുർവേദ ഗവേഷണ സ്ഥാപനമായ റീജിയണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം പൂജപ്പുരയിലും, സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചെറുതുരുത്തിയിലും പ്രവർത്തിക്കുന്നു.

(ഡി)&(ഇ) സംസ്ഥാനത്ത് ആയുർവേദ യൂണിവേഴ്സിറ്റി ആരംഭിക്കുന്നകാര്യം സംബന്ധിച്ച് പ്രാരംഭ പരിശോധനകൾ മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക കാരണങ്ങളാൽ ഈ കാര്യത്തിൽ മുന്നോട്ടു പോകാൻ കഴിഞ്ഞില്ല.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ആയുർവേദ ചികിത്സാരംഗത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ പ്രത്യേകം ഉണ്ടെന്ന കാര്യത്തിൽ സന്തോഷമുണ്ട്. 742 ആയുർവേദ സ്ഥാപനങ്ങൾ ആണ് ഈ സംസ്ഥാനത്ത് ഇപ്പോൾ ഉള്ളത്. 742 ആയുർവേദ ആശുപത്രികളിലും വളരെ ശ്രദ്ധ അദ്ദേഹത്തിനുണ്ടെന്നുള്ളതു കൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞത്. 100 ആശുപത്രികൾ ഇക്കൊല്ലം ആരംഭിക്കും, എന്നാലും 842 മാത്രമേ ആകുന്നുള്ളൂ. ഒരു പഞ്ചായത്തിൽ ഒരു ആശുപത്രി എന്നാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ആ നിലയ്ക്ക് ഇനി എത്രയോ സ്ഥാപനങ്ങൾ വേണം. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും മുഴുവൻ പഞ്ചായത്തുകളിലും ഒരു ആയുർവേദ ആശുപത്രിയെന്നനിലക്ക് നേടുവാൻ കഴിയുമോ എന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, ഓരോ പഞ്ചായത്തിലും ഓരോ സ്ഥാപനം എന്നത് ഗവൺമെന്റുപോലും അംഗീകരിച്ച ഒരു സമീപനമായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. ആദ്യം നടപ്പാക്കിയത് അലോപ്പതിയാണ്. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് കേരളത്തിൽ അലോപ്പതി ഡിസ്പെൻസറിയില്ലാത്ത ഒരു പഞ്ചായത്തും ഇല്ല. കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട. മലപ്പുറം, കൊല്ലം എന്നീ അപൂർവ്വം ജില്ലകളിൽ ഇല്ലാത്ത ചില പഞ്ചായത്തുകളും ഉണ്ടായിരുന്നു. അവയെല്ലാം ഗവൺമെന്റ് പൂർത്തീകരിച്ചു. ഒരേക്കർ സ്ഥലം ആളുകൾ നൽകണം. പക്ഷേ അനുവദിച്ചിട്ടും തുടങ്ങാത്ത ചില സ്ഥലങ്ങൾ ഉണ്ട്. അതും ഗവൺമെന്റ് കഴിയുന്നത്ര അവരെ വിളിച്ചു വരുത്തി സ്ഥലം വാങ്ങാനും അങ്ങനെ 13 എണ്ണത്തോളം പ്രവർത്തിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അലോപ്പതി പൂർത്തിയായതിനുശേഷമാണ് ആയുർവേദത്തിന് സംഘടിതമായി എല്ലാവരുമായി ഒരു തീരുമാനം എടുത്തത്. ഇക്കൊല്ലം 100 എണ്ണം അനുവദിച്ചാൽ വരുന്ന രണ്ടു കൊല്ലംകൊണ്ട് 100 വീതം കഴിയുമെങ്കിൽ മിക്കവാറും പഞ്ചായത്തുകൾക്കും ആകും. അപ്പോൾ കുറച്ചു മാത്രമേ ബാക്കി ഉണ്ടാകൂ. ഈ ലക്ഷ്യം വച്ചാണ് നീങ്ങുന്നത്. ഡോക്ടർമാർ ഇല്ലാത്ത കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. 400 തസ്തികയുണ്ടായിരുന്നു. ഇപ്പോൾ 115 മാത്രമേയുള്ളൂ. ഡോക്ടർമാർടെ ദൗർലഭ്യമുണ്ട്. ഗ്രാമത്തിലേക്ക് പോകാൻ മടിയുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ആ ശ്രമത്തിൽ അവർക്ക് അലവൻസ് 2500 രൂപയിലധികം കൊടുത്തു. എന്നിട്ടും സാധിച്ചില്ല. വീണ്ടും ഗവൺമെന്റ് ശ്രമിക്കുകയാണ്. അതുകൊണ്ട് പഞ്ചായത്തിന് ഇക്കാര്യത്തിൽ അധികാരം കൊടുത്തുകൊണ്ട് അവരുടെ സഹകരണത്തിൽ ഡോക്ടർമാരെ കണ്ടെത്താനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നതാണ്.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : സർ, ഈ ഔഷധിയുടെ മരുന്നുകൾ സത്യത്തിൽ വളരെ നല്ല മരുന്നുകളാണെന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്, അത് നിഷേധിക്കാൻ കഴിയില്ല. ഇപ്പോൾ ആവശ്യത്തിന് ഈ മരുന്ന് ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ എന്ന് സംശയമുണ്ട്. ഓരോ ആയുർവേദ ഡിസ്പെൻസറിക്കും അലോട്ട് ചെയ്തിരിക്കുന്ന മരുന്ന് ഇത്ര രൂപയുടെ മരുന്ന് എന്നൊരു നിയന്ത്രണം ഉണ്ടെങ്കിൽ അത് മാറ്റിക്കൊണ്ട് കൂടുതൽ തുക ഈ മേഖലയിൽ അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, എങ്ങനെ കൂടുതൽ കൊടുക്കാൻ കഴിയും? അതിനുവേണ്ടി സാധാരണ മാർക്കറ്റ് വിലയേക്കാൾ 20, 30% വില കുറച്ചാണ് ഗവൺമെന്റ് തരുന്നത്. അവരുമായി അത്തരത്തിൽ ഒരു ധാരണയുണ്ട്. അഡ്വാൻസൊക്കെ കൊടുത്തുകൊണ്ട് ഇത്തരത്തിൽ ഒരു സമീപനം നടത്തുകയാണ്.

<u>ശ്രീ. ആന്റണി രാജു</u> : സർ, സർക്കാർ മേഖലയിലും, സ്വകാര്യമേഖലയിലുമായി ഇപ്പോൾ 5 ആയുർവേദ കോളേജുകൾ നിലവിലുണ്ട്. കൂടുതൽ പി. ജി. കോഴ്സുകൾ അനുവദിക്കുന്നകാര്യവും ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടെന്ന് പറയുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഏകദേശം 842 ആയുർവേദ സ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും. നമ്മുടെ സംസ്ഥാനത്ത് ഒരു ആയുർവേദ യൂണിവേഴ്സിറ്റി ആരംഭിക്കുന്ന കാര്യം സംബന്ധിച്ച് പ്രാരംഭ പരിശോധനകൾ മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ട്. എന്നാൽ സാമ്പത്തികമായ കാരണങ്ങളാൽ ഇത് മുന്നോട്ടു പോകാൻ കഴിഞ്ഞില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. എന്റെ ചോദ്യം ആയുർവേദരംഗത്തെ വർദ്ധിച്ചുവരുന്ന സാദ്ധ്യതകൾ മുന്നിൽ കണ്ടു കൊണ്ട് സംസ്ഥാനത്ത് ഒരു ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള നടപടികളുമായി മുന്നോട്ടുപോകുന്നകാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 1972-ൽ എന്റെ ചോദ്യത്തിന് മറുപടിയായി യൂണിവേഴ്സിറ്റി തുടങ്ങാൻ ഗവൺമെന്റ് നിശ്ചയിച്ചു എന്ന് അസംബ്ലിയിൽ പറഞ്ഞിരുന്നു. അതിന് അന്നത്തെ പ്രിൻസിപ്പാളെ ഏൽപ്പിച്ചു. അവർ റിപ്പോർട്ടൊക്കെ തന്നു. പക്ഷെ പിന്നീട് സാമ്പത്തിക കാരണങ്ങളാൽ മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. '93-ലാണെന്ന് തോന്നുന്നു വീണ്ടും ഗവൺമെന്റ് കമ്മിഷൻ വച്ചു. അത് നിങ്ങൾ പ്രതിപക്ഷത്ത് ഇരിക്കുമ്പോഴാണ്. പക്ഷെ അന്ന് കമ്മിഷൻ വച്ച ശ്രീ. ഗോപാലകൃഷ്ണപിള്ളയെ ഇതിനുവേണ്ടി ചർച്ച ചെയ്യാനൊക്കെ ഏൽപ്പിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹം മുന്നോട്ടു പോയില്ല, 'ഇതിനുവേണ്ടുന്ന മുതൽമുടക്ക് ആലോചിച്ചായിരിക്കണം. പിന്നീട് നടപടികൾ ഉണ്ടായില്ല. ഇപ്പോഴും സ്ഥിതി അവിടെത്തന്നെയാണ്. അവിടെ നിന്ന് ഒരു മാറ്റവും ഉണ്ടായിട്ടില്ല.

ശ്രീ. ആന്റണി രാജു : സർ, എന്റെ ചോദ്യത്തിനുള്ള മറുപടി വ്യക്തമായിട്ടില്ല. നമ്മുടെ അലോപ്പതി മരുന്നുകളുടെയും, ആയുർവേദ മരുന്നുകളുടെയും വില കുതിച്ചുയരുകയാണ്. ആർക്കും എന്തു വിലയും നിശ്ചയിച്ച് ഇപ്പോൾ മരുന്നുകൾ വിതരണം ചെയ്യാവുന്ന ഒരു അവസ്ഥയാണ് ഇവിടെയുള്ളത്. ആയുർവേദ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും, അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിന്റെ പരിധിയിൽ വരുന്ന നിബന്ധനകൾ വച്ചുകൊണ്ട് ഗുണനിലവാരത്തിന്റെ കാര്യത്തിൽ പരിശോധനയൊക്കെ നടക്കുന്നുണ്ട്. വിലയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ വില നിയന്ത്രണ ഉത്തരവിൽ ആയുർവേദം അധികം വരുന്നില്ല. അതിൽ ചില പരാതികളുണ്ട്, അത് എങ്ങനെയാണ് ചെയ്യുന്നത് എന്ന് അറിഞ്ഞുകൂടാ. പക്ഷെ കേരളത്തിലെ പ്രത്യേകത 400, 450 കോടി രൂപയുടെ ഔഷധം ഇവിടെ നമ്മൾ ഉപയോഗിക്കുന്നുണ്ട്. 40 കോടി രൂപയുടെ മരുന്നേ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. എന്നാൽ 150 കോടി രൂപയുടെ ആയുർവേദ ഔഷധം ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിൽ അധികവും പുറത്താണ് പോകുന്നത്. അത് ഈ സംസ്ഥാനത്തിന് ഒരു വരുമാന മാർഗ്ഗവും കൂടിയാണ്. അതുകൊണ്ട് വില നിയന്ത്രിക്കുമ്പോഴൊക്കെ ശ്രദ്ധിക്കണം. അതാണ് ഔഷധിയിൽനിന്ന് ചുരുങ്ങിയ വിലയ്ക്ക് മരുന്ന് വാങ്ങി ഗവൺമെന്റ് സ്ഥാപനങ്ങൾ സൗജന്യമായി കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ഔഷധിയുടെ മുന്നൂറ്റി നാൽപ്പത്തിയൊന്നോളം ഏജൻസികൾ ഏർപ്പെടുത്തിയിട്ടുള്ള വില അതിൽനിന്നും സ്വൽപ്പം വ്യത്യസ്തമാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, ആയുർവേദ ചികിത്സയുടെ കാര്യത്തിൽ നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് കുറേയേറെ നടപടികൾ സ്വീകരിച്ചതായി സൂചിപ്പിക്കുകയുണ്ടായി. ഇത്രയും നടപടികൾ സ്വീകരിച്ചിട്ടുപോലും നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലുമൊക്കെയുള്ള ആശുപത്രികളിൽ മാത്രം മാസങ്ങളോളം ബുക്ക് ചെയ്തതിനുശേഷം രോഗികളായിട്ടുള്ളവർ കാത്തിരിക്കുകയാണ്. അതിനുശേഷമാണ് പ്രവേശനം ലഭിക്കുക. ഇത് ആവശ്യകത വർദ്ധിച്ചതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് കൂടുതൽ പേർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും, കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ആയുർവേദ ചികിത്സയിൽ പ്രത്യേകിച്ച് പഞ്ചകർമ്മ ചികിത്സ, പിഴിച്ചിൽ തുടങ്ങിയവയ്ക്ക് രോഗികളുടെ കൃ പല സ്ഥലത്തുമുണ്ട്. ഗവൺമെന്റ് സ്ഥാപനത്തിൽ മാത്രമല്ല. കേരളത്തിലെ സ്വകാര്യമേഖലയിൽ തന്നെ രണ്ടു കൊല്ലംവരെ കാത്തിരിക്കുന്ന വിവരങ്ങൾ ചിലരൊക്കെ വന്നു പറയാറുണ്ട്. രണ്ടു കൊല്ലം കാത്തിരുന്നാണ് അവർക്ക് ഡേറ്റ് കൊടുത്തിരിക്കുന്നത് എന്ന രീതിയിൽ. ഇതിന് മുതൽമുടക്ക് വേണം. ഇതിനാവശ്യമായ പരിചയ സമ്പന്നരായ ജീവനക്കാരേയും വേണം. അതിന്റെ ഘടകമാകണം സ്വകാര്യമേഖലയിലടക്കം ഇത്തരത്തിലുള്ള കാലതാമസം ഉണ്ടാകാൻ കാരണമാകുന്നത്. ഇതിനാവശ്യമുള്ള പരിശീലന കോഴ്സൊക്കെ കുറച്ചുകാലമായി നിർത്തിയിരുന്നു. വീണ്ടും തുടങ്ങി. നഴ്സിംഗ്, ഫാർമസി തുടങ്ങിയ കോഴ്സുകൾ കഴിഞ്ഞ ഒരു കൊല്ലമായി ഗവൺമെന്റ് തുടങ്ങിയതിന്റെ ഫലമായി തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലും, കോട്ടയ്ക്കലും തുടങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നത്ര വാർഡുകളുടെ എണ്ണം കൂട്ടാൻ ശ്രമിക്കുകയാണ്. പൂജപ്പുരയിലുള്ള ഗവൺമെന്റ് ചികിത്സാ സ്ഥാപനത്തിൽ ധനകാര്യ സ്ഥാപനത്തിൽ നിന്ന് കടം എടുത്ത് പേ വാർഡ് നിർമ്മിക്കാനുള്ള ശ്രമം പൂർത്തീകരിച്ചുകൊണ്ട്, ഏറെക്കുറെ അവിടെ പെട്ടെന്ന് തുടങ്ങാൻ കഴിയുമെന്ന് കരുതുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, നമ്മുടെ സംസ്ഥാനത്തുള്ള വിലപ്പെട്ട ഔഷധ ചെടികൾ ഫലപ്രദമായി സംരക്ഷിക്കാൻ കഴിയാതെ വരുന്നതായി പരാതി ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ ഔഷധച്ചെടികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നതായും പരാതി ഉയർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ വല്ല വാസ്തവവും ഉണ്ടോ? നമ്മുടെ രാജ്യത്തെ ഔഷധ ചെടികൾ ഫലപ്രദമായി സംരക്ഷിക്കുന്നതിനും, ഔഷധ മരുന്നുകൾ കണ്ടെത്തുന്ന കാര്യത്തിലും സഹായകമായിട്ടുള്ള അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സെന്റർ എത്രയുംവേഗം പ്രവർത്തനം ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു, റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സെന്റർ വ്യാപകമായ തോതിൽ ഉണ്ടെന്ന് പറയാൻ വയ്യ. എന്നാൽ ചില കാര്യങ്ങളെ സംബന്ധിച്ച് വളരെ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിൽത്തന്നെ ഇത്തരത്തിൽ ഖസിയാബാദിൽ ഒരു സ്ഥാപനമേ ഉള്ളൂ. ഗുജറാത്ത് ഗവൺമെന്റുപോലെ അപൂർവ്വം ഗവൺമെന്റുകളാണ് ഇക്കാര്യത്തിൽ ചിലത് ചെയ്യുന്നത്. കേരളത്തിൽ നമുക്ക് കാര്യമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല, ഇപ്പോൾ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. നമ്മുടെ ഔഷധ ചെടികൾ പുറംരാജ്യങ്ങളിലേക്ക് കയറ്റിക്കൊണ്ടുപോകുന്നുണ്ട് എന്നൊക്കെ പരാതി കിട്ടാറുണ്ട്, അന്വേഷിക്കാറുണ്ട്. വിവിധ വകുപ്പുകൾ ചേർന്ന് തീരുമാനിക്കേണ്ട കാര്യമാണ്, ഈ കാര്യം ഗവൺമെന്റ് ഗൗരവമായി എടുക്കുകയും, ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ വല്ലതും ആവശ്യമാണെങ്കിൽ കൊടുക്കുകയും ചെയ്യും.

ശ്രീ. ടി.എസ്. ജോൺ : സർ, റിസർച്ച് സെന്ററിന്റെ കാര്യം പറഞ്ഞു, എവിടെയൊക്കെയാണ് ഇന്ന് റിസർച്ച് സെന്ററുകൾ ഉള്ളത്. എന്ത് സൗകര്യങ്ങളാണ് അവിടെയൊക്കെ ഏർപ്പെടുത്തിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഞാൻ ഇവിടെ 3, 4 ലിസ്റ്റ് വായിച്ചിരുന്നു. അനുബന്ധമായി അതിന്റെ പട്ടിക കൊടുത്തിട്ടുണ്ട്, അനുബന്ധത്തിൽ ഉണ്ട്. കേന്ദ്രഗവൺമെന്റിന്റെ രണ്ടെണ്ണം പൂജപ്പുരയിലും, ചെറുതുരുത്തിയിലും അതുപോലെ രണ്ടു സ്ഥാപനങ്ങൾ തിരുവനന്തപുരത്തും ഉണ്ട്.

ശ്രീ. ടി.എസ്. ജോൺ : സർ, മരുന്നു വച്ചുപിടിപ്പിക്കുന്നതിനുള്ള സഹായവും, സൗകര്യങ്ങളും ചെയ്യുന്നു എന്നു പറഞ്ഞു, പ്രൈവറ്റ് ഇൻഡിവിഡ്വൽസ് അത് വച്ചുപിടിപ്പിക്കുന്നതിനുള്ള വല്ല സഹായവും ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എവിടെയൊക്കെയാണ്?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, കേന്ദ്രഗവൺമെന്റും ഇതിന് ഗ്രാന്റ് കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. കേരളത്തിലെ പല സ്വകാര്യ സ്ഥാപനങ്ങളിലും ഈ സൗകര്യം വാങ്ങുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഔഷധിയുടെ ഒരു 100 ഏക്കർ സ്ഥലം പരിയാരത്തു വാങ്ങിക്കൊണ്ട് ഔഷധക്കച്ചവടം, ഈ തോട്ടം വച്ചുപിടിപ്പിക്കാനുള്ള നടപടി നടക്കുകയാണ്. അതിനുവേണ്ടി ഒരു പ്രോജക്ടും കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ ഔഷധി സമർപ്പിച്ചിട്ടുണ്ട്, തീരുമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. പല പഞ്ചായത്തുകളും ഇത്തവണ അവരുടെ ഗ്രാമസഭകൾകൂടി വിത്തും അതുപോലെ തൈകളും വിതരണം ചെയ്യുന്നതിനുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവിടെതന്നെ 50,000 രൂപ കൊടുത്ത വിതുര പഞ്ചായത്തുപോലുള്ള പഞ്ചായത്തുകൾ ഉണ്ട്. കോഴിക്കോട് ജില്ലയിൽ നൊച്ചാട് പോലെയുള്ള പഞ്ചായത്തുകൾ, വലിയ മുതൽമുടക്കിയിട്ടുള്ള പഞ്ചായത്തുകൾ ഇവ വീടുകളിൽ എത്തിക്കുവാൻ മുൻകൈ എടുക്കുകയാണ്. അത് വ്യാപകമായ തോതിൽ ഔഷധ ചെടികളുടെ ലഭ്യത വർദ്ധിപ്പിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അവരെ പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അലോപ്പതി, ആയുർവേദ ഡോക്ടർമാരുടെ ലഭ്യത കുറവാണ്. അതുകൊണ്ട് പ്രയാസങ്ങൾ ഉണ്ട്, പ്രത്യേകിച്ച് റൂറൽ ഏരിയയിൽ എന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഏതായാലും പല ആശുപത്രികളിലും ഡോക്ടർമാരില്ല എന്നുള്ളത് ഒരു സത്യമാണ്. ഒരു ഡോക്ടറാകണമെങ്കിൽ അലോപ്പതിയായാലും, ആയുർവേദമാണെങ്കിലും ലക്ഷക്കണക്കിന് ഉറുപ്പിക സർക്കാർ മുടക്കുകയാണ്. ഇങ്ങനെ മുടക്കി അവർ ഡോക്ടർമാരായി, പാസ്സായി പുറത്തുവന്നതിനുശേഷം ആ തൊഴിൽ ചെയ്യാതെ രാഷ്ട്രീയത്തിലും അതുപോലെ ബിസിനസ്സിലുമൊക്കെ ഇടപെടുന്നതിന്റെ ഫലമായി സർക്കാരിനും നഷ്ടം, ജനങ്ങൾക്ക് സേവനവും ലഭിക്കാതെ വരുന്നു. അതുകൊണ്ട് ചുരുങ്ങിയത് 10 വർഷമെങ്കിലും അവർ ജോലി ചെയ്യണം, ആ തൊഴിൽ ചെയ്യണം എന്ന് നിർബന്ധിക്കാൻ, ഇതേ അവസരത്തിൽ ആയുർവേദമാണെങ്കിലും അലോപ്പതിയാണെങ്കിലും തോറ്റുപോകുകയോ, കംപ്ലീറ്റ് ചെയ്യാൻ കഴിയാതെ വരികയോ ചെയ്യുന്ന ആളുകൾ എം.എൽ.എ. ആയാലും കൊള്ളാം, മന്ത്രിയായാലും കൊള്ളാം, ബിസിനസ്സുകാരനായാലും വിരോധമില്ല. അല്ലാത്ത ആളുകൾ 10 കൊല്ലമെങ്കിലും സേവനം ചെയ്യണമെന്ന് വ്യവസ്ഥപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഇവിടെ ആയുർവേദ ഡോക്ടർമാരുടെ ദൗർലഭ്യം ഉണ്ടെന്ന് ഞാൻ പറഞ്ഞില്ല. ആരോഗ്യവകുപ്പിൽ അലോപ്പതിയാണ്, അതേ പറഞ്ഞുള്ളൂ. ശ്രീ. കുട്ടപ്പനോട് ഇത്ര വിരോധമുണ്ടോ ശ്രീ. ആര്യാടന്, എനിക്കറിയില്ല. ഇൻഡ്യ കണ്ട ഏറ്റവും നല്ല മുഖ്യമന്ത്രി ഡോക്ടർ വി.സി. റോയ് ആയിരുന്നു. അദ്ദേഹം ഐ.എം.എ. യുടെ പ്രസിഡന്റ് ആയി

രുന്നു. ഇൻഡ്യയിലെ പ്രമുഖ രാഷ്ട്രീയക്കാരൊക്കെ ഡോക്ടർമാരാണ്. അതുകൊണ്ട് ഡോക്ടർമാർ രാഷ്ട്രീയത്തിൽ വരുന്നത് രാഷ്ട്രീയത്തിന്റെ ചില ചികിത്സയ്ക്ക് ആവശ്യമുണ്ടായി വരുമ്പോൾ പ്രയോജനപ്പെടുമെന്നതുകൊണ്ട് നിഷേധിക്കാൻ കഴിയില്ല.

ശ്രീ. എം.വി. ജയരാജൻ : സർ, ആയുർവേദ ചികിത്സതേടി സംസ്ഥാനത്തിനു വെളിയിൽനിന്നും, രാജ്യത്തിനു വെളിയിൽനിന്നും ധാരാളം ആളുകൾ ഇങ്ങോട്ടുവരികയാണ്. പിഴിച്ചിൽ ഉൾപ്പെടെയുള്ള ഈ ചികിത്സാ രീതിയോടുള്ള ആഭിമുഖ്യംകൊണ്ടാണ് പുറത്തുനിന്നും ആളുകൾ വരുന്നത്. അതുകൊണ്ട് കേരളത്തിനു വെളിയിൽ ഡൽഹിയിലും, ബോംബെയിലും, മദ്രാസിലുമൊക്കെ പൂജപ്പുര മാതൃകയിൽ ആയുർവേദ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരംഭിക്കാൻ കഴിഞ്ഞാൽ അത് സാമ്പത്തികമായി പ്രയാസം ഉണ്ടാക്കുന്നതല്ല, സാമ്പത്തികമായിട്ടുതന്നെ മെച്ചം ഉണ്ടാക്കാൻ കഴിയുന്നതാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പുതിയ നിർദ്ദേശമാണ്, തീർച്ചയായും പരിശോധിക്കാം. കാരണം സുഖ ചികിത്സയ്ക്ക് ഇപ്പോൾ ആയുർവേദത്തെ ആശ്രയിക്കുന്ന സ്ഥിതി ലോകത്ത് എമ്പാടുമുണ്ട്. അമേരിക്കയെപോലെയുള്ള രാജ്യങ്ങളിൽ ചികിത്സയുടെ ചില പ്രത്യാഘാതങ്ങൾവഴി സമാന്തര ചികിത്സയ്ക്കുവേണ്ടിയുള്ള അന്വേഷണം തുടങ്ങിയിട്ടുണ്ട്. ആ അന്വേഷണത്തിൽ ആയുർവേദംകൂടി ഉൾപ്പെടുത്തിക്കാനുള്ള ശ്രമത്തിലാണ് നാം.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരുപാട് ആശുപത്രികളുടെ ലിസ്റ്റ് പറഞ്ഞു. കെട്ടിടം പൂർത്തിയാക്കിയിട്ടിരിക്കുന്ന ആശുപത്രികൾ ഉണ്ട്. ഉദാഹരണമായിട്ട് പിറവത്ത് 50 ബെഡ്ഡ് ഉള്ള ഒരു ആശുപത്രി പണിതീർത്തിട്ട് രണ്ടു വർഷം കഴിഞ്ഞു. ഏതാനും പോസ്റ്റ് ക്രിയേറ്റു ചെയ്യാത്തതുകൊണ്ട് ഇതുവരെ ആ ആശുപത്രി ഫങ്ഷൻ ചെയ്യാൻ കഴിയുന്നില്ല. അമ്പത് ബെഡ്ഡുള്ള ആയുർവേദാശുപത്രിയാണ്. അങ്ങനെയുള്ള ആശുപത്രികൾ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു, കെട്ടിടങ്ങൾ ഉണ്ടാക്കി, തസ്തിക അനുവദിച്ചില്ല, അമ്പത് കിടക്കകൾ ഉണ്ടെങ്കിൽ ചുരുങ്ങിയത് അഞ്ചു ഡോക്ടർമാർ വരെ വേണം. കെട്ടിടമുണ്ടാക്കി, എങ്ങനെ ആ കെട്ടിടമുണ്ടായി എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുകൊണ്ട്, അങ്ങനെയാണ് കേരളത്തിൽ കെട്ടിടങ്ങൾ ഉണ്ടാകുന്നത് എന്നൊരു വസ്തുത ഉണ്ട്. ആ വസ്തുതയിൽനിന്ന് മാറാനാണ് ഇപ്പോൾ പഞ്ചായത്തുകൾ ശ്രമിക്കുന്നത്. അങ്ങനെയുണ്ടായി എന്നും, ആ ഉണ്ടായതിന്റെ ഭവിഷ്യത്ത് അനുഭവിക്കുന്നതുകൊണ്ടും പരിഹരിക്കാമെന്നു ഞാൻ പറഞ്ഞു, ലഭ്യതയനുസരിച്ച് ഞാൻ ചെയ്യാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*284) വനിതാ പോലീസ് നിയമനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

LIBRARY ARCHIVES Kerala Legislative Assembly